**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 523** **11-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ബഡ്ജറ്റിൽ പദ്ധതി ചെലവിനത്തിൽ വകയിരുത്തിയ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബജറ്റിൽ പദ്ധതി ചെലവിനത്തിൽ വകയിരുത്തിയിരുന്ന തുക എത്രയാണ്; ഇതിൽ എത്ര തുക ചെലവഴിച്ചു; ആകെ വകയിരുത്തിയ തുകയുടെ എത്ര ശതമാനം ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ; | (എ) | 2023-24 സാമ്പത്തിക വർഷം സംസ്ഥാന പദ്ധതിയിനത്തിൽ വകയിരുത്തിയ വിഹിതം 30370 കോടി രൂപയാണ്. പ്രാഥമിക കണക്കുകൾ പ്രകാരം 2023-24 ലെ സംസ്ഥാന പദ്ധതി വിഹിതത്തിലെ ചെലവ് 24799.63 കോടി രൂപയാണ്. ഇത് വകയിരുത്തിയ വിഹിതത്തിന്റെ 81.66% ആണ്. |
| (ബി) | നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ പദ്ധതി ചെലവിനത്തിൽ വകയിരുത്തിയിട്ടുള്ള തുക എത്രയാണ്; നാളിതുവരെ എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ? | (ബി) | 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതി വിഹിതം 30370 കോടി രൂപയാണ്. ട്രഷറി കണക്കുകൾ പ്രകാരം 7024.94 കോടി രൂപ 11/06/2024 വരെ പദ്ധതിയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ